മാതൃഭൂമി
16 January 2019

# സി.എം.എഫ്.ആർ.ഐ.യിൽ അന്താരാഷ്ട്ര ശില്പശാല



'ആർഡോ' അംഗരാജ്യങ്ങളിലെ പ്രതിനിധികൾക്കായി സി.എം.എഫ്.ആർ.ഐ.യിൽ തുടങ്ങിയ രാജ്യാന്തര ഫിഷറീസ് ശില്പശാല എം.പി.ഇ.ഡി.എ. ചെയർമാൻ കെ.എസ്. ശ്രീനിവാസ് ഉദ്ഘാടനം ചെയ്യുന്നു

**കൊച്ചി ▸** ആഫ്രിക്കൻ-ഏഷ്യൻ രാജ്യങ്ങളിലെ പ്രതിനിധികളെ പരിശീലിപ്പിക്കുന്നതിനുള്ള രാജ്യാന്തര ഫിഷറീസ് ശില്പശാല കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ.) തുടങ്ങി. ആഫ്രിക്കൻ ഏഷ്യൻ റൂറൽ ഡവലപ്മെൻറ് ഓർഗനൈസേഷനിലെ (ആർഡോ) അംഗരാജ്യങ്ങളായ ഒമാൻ, തയ്‌വാൻ, സിറിയ, ലെബനൻ, ടുണീഷ്യ, ലിബിയ, മൊറോക്കോ, മലാവി, മൗറീഷ്യസ്, ബംഗ്ലാദേശ്, ശ്രീലങ്ക, സാംബിയ എന്നീ രാജ്യങ്ങളിൽനിന്നുള്ള 14 പേരാണ് ശില്പശാലയിൽ പങ്കെടുക്കുന്നത്. ഇന്ത്യൻ മത്സ്യമേഖലയിലെ ഗവേഷണ വികസന മേഖലകളിലാണ് പരിശീലനം. സമുദ്രോത്പന്ന കയറ്റുമതി വികസന അതോറിറ്റി (എം.പി.ഇ.ഡി.എ.) ചെയർമാൻ കെ.എസ്. ശ്രീനിവാസ് ശില്പശാല ഉദ്ഘാടനം ചെയ്തു. ആർഡോ അസിസ്റ്റൻറ് സെക്രട്ടറി ജനറൽ ഡോ. മനോജ് നർദ്യോസിങ് മുഖ്യാതിഥിയായിരുന്നു. ഡോ. ടി.വി. സത്യാനന്ദൻ അധ്യക്ഷത വഹിച്ചു. ഡോ. ഇമൽഡ ജോസഫ്, ഡോ. ബോബി ഇഗ്നേഷ്യസ് എന്നിവർ സംസാരിച്ചു.